**പതിനാലാം കേരള നിയമസഭ**

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.610 24.01.2018-ലെ മറുപടിയ്ക്ക്

## കായിക ക്ഷമതാ മിഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എം. സ്വരാജ്**<br>**ശ്രീമതി.വീണാ ജോർജ്ജ്**<br>**ശ്രീ.ആർ. രാജേഷ്**<br>**,, യു. ആർ.പ്രദീപ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായ-വാണിജ്യ-കായിക യുവജനകാര്യ വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് ജനങ്ങളുടെ ആരോഗ്യ ക്ഷമത വർദ്ധിപ്പിക്കുന്നതിനായി കായിക ക്ഷമതാ മിഷൻ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് കായികക്ഷമത മിഷൻ രൂപീകരിക്കുന്നതു സംബന്ധിച്ച നടപടികൾ നടന്നു വരുന്നു. ഇതിന്റെ പ്രാരംഭ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും, നല്ല ആരോഗ്യവും കൈവരിക്കുന്നതിന് നേഴ്സറി തലം മുതൽ നാലാം ക്ലാസ്സ് വരെയും, അഞ്ചാം ക്ലാസ്സ മുതൽ പത്താം ക്ലാസ്സ് വരെയും പ്ലസ് വൺ & പ്ലസ് ടു വിഭാഗം, യൂണിവേഴ്സിറ്റിതലം, യുവജന വിഭാഗം, മുതിർന്ന പൗരന്മാർ എന്നിങ്ങനെ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളിലും കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള കായിക പരിശീലന പരിപാടികളും, ആരോഗ്യ ശീലങ്ങളും, ആരോഗ്യത്തെക്കുറിച്ചുള്ള പൊതു ബോധവും, ജീവിതചര്യകളും ഉറപ്പാക്കുന്ന പ്രവർത്തനങ്ങളുമാണ് പ്രധാനമായും ഈ പദ്ധതിയിൻ കീഴിൽ ലക്ഷ്യം വയ്ക്കുന്നത്. വിദ്യാഭ്യാസ, തദ്ദേശസ്വയംഭരണ, ആരോഗ്യ വകുപ്പുകളുടെ സഹകരണത്തോട്ടു കൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | സ്കൂൾ തലം മുതൽ കുട്ടികളിൽ കായികാഭിരുചി വളർത്തുന്നതിനും കൂടുതൽ വിദ്യാലയങ്ങളിൽ കായിക പരിശീലന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനായി കായിക അദ്ധ്യാപകരില്ലാത്ത സ്കൂളുകളിൽ എസ്.എസ്.എ വഴി കായിക അദ്ധ്യാപകരെ താത്കാലികമായി നിയമിച്ച് പരിശീലനം നൽകുന്നുണ്ട്. 19 കായിക ഇനങ്ങളിൽ സ്കൂൾതലം മുതൽ മത്സരങ്ങൾ നടത്തി വരുന്നു. പ്രൈമറി തലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സ്ഥലവും സൗകര്യങ്ങളും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുന്നതിനായി പ്രൈമറി സ്കൂൾ തലത്തിൽ പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ ഓരോ വർഷവും സ്കൂളുകൾക്ക് ആവശ്യമായ കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും കോച്ചിംഗ് ക്യാമ്പുകൾ നടത്തുന്നതിനും സാമ്പത്തിക സഹായം അനുവദിച്ച് വരുന്നു. |
| (സി) | കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ദേശീയ അന്തർ ദേശീയ തലത്തിൽ മികച്ച വിജയം കൈവരിക്കുന്നവർക്ക് സർക്കാർ ജോലി നൽകുന്ന പദ്ധതി പ്രകാരം മുടങ്ങിക്കിടക്കുന്ന അപേക്ഷകളിൽ തീരുമാനമെടുത്ത് കൂടുതൽ താരങ്ങൾക്ക് ജോലി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകിവരുന്ന സ്പോർട്സ് ക്വാട്ടാ പദ്ധതിയിൻ കീഴിൽ 2010 മുതൽ 2014 വരെ കാലയളവിൽ ഉള്ള അപേക്ഷകൾക്ക് നിയമനം നൽകുന്നതിനായി പൊതുഭരണ വകുപ്പിന് കീഴിൽ സ്പെഷ്യൽ സെൽ രൂപീകരിച്ച് നടപടികൾ സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**